മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലിത്താ ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ 354

നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്,

കർത്താവിൽ വാത്സല്യമുള്ളവരെ,

വിദ്യാഭ്യാസ മേഖലയ്ക്ക് കാലിക പ്രസക്തവും സുപ്രധാനവുമായ സ്ഥാനമാണ് മാർത്തോമ്മാ സഭ നല്കി വരുന്നത്. കാലഘട്ടത്തിന് അനുയോജ്യമായ വിധത്തിൽ കുട്ടികളെ പ്രോത്സാഹിപ്പിക്കേണ്ടതും പരിശീലിപ്പിക്കേണ്ടതും ആവശ്യമാണല്ലോ. പ്രവേശന പരീക്ഷകളിൽ പരിശീലനവും മാർഗ്ഗനിർദ്ദേശവും നല്കുന്നതിന് സഭയുടെ നേതൃത്വത്തിൽ മാർത്തോമ്മാ സെന്റർ ഫോർ എക്സലൻസ് പ്രവർത്തനം ആരംഭിക്കുന്നതിന് മാർത്തോമ്മാ സഭാ കൗൺസിൽ തിരുമാനിച്ചിരിക്കുന്ന വിവരം അറിയിക്കുന്നു. മെഡിക്കൽ, എഞ്ചിനിയറിംഗ്, അഗ്രികൾച്ചർ തുടങ്ങി വിവിധ കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷകൾക്ക് പരിശീലനം നൽകുന്നതാണ്. പ്രാരംഭമായി തിരുവല്ലയിലും, കോഴഞ്ചേരിയിലും ക്ലാസുകൾ ക്രമീകരിക്കുന്നതാണ്.

ഗ്രാമ പ്രദേശങ്ങളിലെ പ്രതിഭകൾക്ക് പരിശീലനം നൽകി പ്രോത്സാഹിപ്പിക്കുകയാണ് മുഖ്യ ലക്ഷ്യം. പ്രത്യേകം തയ്യാറാക്കിയ പഠന സാമഗ്രികൾ, സ്മാർട്ട് ക്ലാസ് മുറികൾ, സ്കോളർഷിപ്പ്, നിർദ്ധന വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം എന്നിവ മറ്റു സവിശേഷതകളാണ്. കോഴഞ്ചേരി സെന്റ് തോമസ് കോളജ് മുൻ പ്രിൻസിപ്പാൾ ഡോ. എം. ടി. സൈമൺ (ഫോൺ: 8086707610) കൺവീനറായി ഒരു വിദഗ്ദ സമിതിയാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഈ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമാകുന്നതിന് ഇടവക വികാരിമാരുടെയും ഇടവകാംഗങ്ങളുടെയും പ്രത്യേക ശ്രദ്ധയും പ്രോത്സാഹനവും ഉണ്ടാകണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

കൃപ നിങ്ങളോടേവരോടും കൂടെ ഇരിക്കുമാറാകട്ടെ,

എന്ന് തിരുവല്ല പൂലാത്തീനിൽ നിന്നും 2019 ഡിസംബർ മാസം 10 -ാം തീയതി



ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലിത്താ.